**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3613** **12-03-2025 - ൽ മറുപടിയ്ക്ക്**

**കേരള യൂണിവേഴ്സിറ്റിയിലെ ആസ്പയർ സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | 2024-2025 അധ്യയന വർഷം ഗവേഷണ വിദ്യാർത്ഥികൾക്കായുള്ള ആസ്പയർ സ്കോളർഷിപ്പിന് കേരള സർവകലാശാലയിലെ എതെല്ലാം പഠന വിഭാഗങ്ങളിൽ നിന്നും എത്ര വിദ്യാർത്ഥികളെ വീതമാണ് പരിഗണിച്ചിട്ടുള്ളതെന്ന വിവരം വേർതിരിച്ച് ലഭ്യമാക്കാമോ; | (എ) | 2024-2025 അധ്യയന വർഷം ആസ്പയർ സ്കോളർഷിപ്പിന് കേരള സർവകലാശാലയിലെ വിവിധ പഠന വിഭാഗങ്ങളിൽ നിന്നും പരിഗണിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു :<br>1. സൈക്കോളജി - 1<br>2. ഹിന്ദി - 1<br>3. കോമേഴ്സ് - 3<br>4. എക്കണോമിക്സ് - 15<br>5. മലയാളം - 1<br>6. സംസ്കൃതം - 7<br>7. ഫിലോസഫി - 2<br>8. എഡ്യൂക്കേഷൻ - 6<br>9. ബയോ ടെക്നോളജി - 1 |
| (ബി) | 2024-25 ൽ ആസ്പയർ സ്കോളർഷിപ്പിനായി സർക്കാർ എത്ര തുക കേരള യൂണിവേഴ്സിറ്റിയ്ക്ക് അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക സ്കോളർഷിപ്പ് നൽകുന്നതിനല്ലാതെ യൂണിവേഴ്സിറ്റി ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് പ്ലാൻ ഹെഡിൽ അനുവദിക്കുന്ന തുകയിൽ നിന്നാണ് ഗവേഷണ, പിജി വിദ്യാർത്ഥികൾക്ക് റിസേർച്ച് അവാർഡ് (ആസ്പയർ) നൽകുന്നതിനായി മാറ്റി വയ്ക്കുന്നത്. ഈ വർഷം (2024-25) 133 ഗവേഷണ വിദ്യാർത്ഥികൾക്ക് ₹21,88,000/- രൂപ ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്. |
| (സി) | കേരള സർവകലാശാലയുടെ വിജ്ഞാപനം പ്രകാരം ആസ്പയർ സ്കോളർഷിപ്പിനായി പി.ജി.-യ്ക്ക് കുറഞ്ഞത് എത്ര ശതമാനം മാർക്ക് ആവശ്യമാണെന്ന് വ്യക്തമാക്കാമോ; 2024-25 വർഷത്തെ സ്കോളർഷിപ്പിനായി പി.ജി.-യ്ക്ക് എത്ര ശതമാനം മാർക്ക് നേടിയ വിദ്യാർത്ഥികളെയാണ് നിലവിൽ സർവകലാശാല പരിഗണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ആസ്പയർ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനായി അടിസ്ഥാന കോഴ്സിന് (ബിരുദാനന്തര ബിരുദം) 55 %-ൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. 2024-'25 വർഷം ബിരുദാനന്തര ബിരുദത്തിന് 75 % മാർക്കുള്ള ഗവേഷണ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. |
| (ഡി) | 2024-25 ൽ ഹിന്ദി വിഭാഗത്തിൽ എത്ര വിദ്യാർത്ഥികൾക്കാണ് ആസ്പയർ സ്കോളർഷിപ്പ് | (ഡി) | കേരള സർവകലാശാലയുടെ ഹിന്ദി പഠനവകുപ്പിൽ നിന്നും PhD വിഭാഗത്തിൽ നിന്നും ഒരു വിദ്യാർത്ഥിയും |

| | | | |
|---|---|---|---|
| | അനുവദിച്ചിട്ടുള്ളത്; കൂടുതൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ്; വ്യക്തമാക്കാമോ; | | ബിരുദാനന്തര കോഴ്സിൽ നിന്നും 10 വിദ്യാർത്ഥികളും 2024-25 അധ്യയന വർഷത്തെ ASPIRE സ്കോളർഷിപ്പിന് അർഹരായി. |
| (ഇ) | ആസ്പയർ സ്കോളർഷിപ്പ് കൂടുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് പ്ലാൻ ഹെഡിൽ ലഭിക്കുന്ന തുകയിൽ നിന്നും ഏകദേശം ഒരു കോടി രൂപ ആസ്പയർ സ്കോളർഷിപ്പ് നൽകുന്നതിനായി മാറ്റിവയ്ക്കുന്നുണ്ട്. ഈ തുക വർധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ